ജനകീയാസൂത്രണത്തിന്റെ പ്രവർത്തന പുരോഗതി

27(*26) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എളമരം കരീം :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) മുൻവർഷം ജനകീയാസൂത്രണത്തിൽ ഏത് മേഖലയ്ക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; ഇതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ജനകീയാസൂത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ജനകീയാസൂത്രണ പ്രവർത്തനത്തെ സംബന്ധിച്ച് കേന്ദ്ര ധനകാര്യ കമ്മീഷന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ജനകീയാസൂത്രണ പദ്ധതിയെക്കുറിച്ച് മനസ്സിലാക്കുവാൻ സംസ്ഥാനത്തിനു പുറത്തുള്ള ഏതെല്ലാം ഏജൻസികൾ സംസ്ഥാനം സന്ദർശിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ജനകീയാസൂത്രണ പരിപാടികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും പദ്ധതികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്.

1. ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ രണ്ട് വാർഷിക പദ്ധതികളിൽ പ്രോജക്ടുകളും പദ്ധതിരേഖകളും തയ്യാറാക്കുന്നതിലുണ്ടായിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്.
2. മുൻവർഷങ്ങളിൽ ആസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും കാലതാമസം ഉണ്ടായിട്ടുണ്ടെന്ന് ബോധ്യപ്പെടുകയുണ്ടായി. അതൊഴിവാക്കാൻ നാലാം വാർഷിക പദ്ധതി മുതൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ആസൂത്രണം പൂർത്തിയാക്കാനും പദ്ധതി നിർവഹണം ആരംഭിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പ്രാദേശിക പദ്ധതി ആസൂത്രണത്തിലും നടപ്പാക്കുന്നതിലും ഗണ്യമായ പുരോഗതി കൈവരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, പൊതുവിഭാഗത്തിലുള്ളവർ എന്നിവർക്ക് പാർപ്പിട നിർമ്മാണം, വനിതാവികസനം, നീർത്തട വികസനം, കുടിവെള്ളപ്രശ്നത്തിന് പരിഹാരം എന്നിവയ്ക്കാണ്. 1999-2000 വാർഷിക പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകിയിട്ടുള്ളത്.

സംസ്ഥാന ആസൂത്രണ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ

1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സമ്പൂർണ്ണ ഭവന പരിപാടി ഏറ്റെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അവർ ആ പ്രോജക്ടിന് വകയിരുത്തുന്ന വിഹിതത്തിന്റെ 25 ശതമാനം തുക പ്രത്യേക ഗ്രാന്റായി നൽകുക.
2. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയുടെ നിർവ്വഹണ അവലോകനത്തിൽ സമ്പൂർണ്ണ ഭവന പദ്ധതി പ്രത്യേകം ചർച്ച ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
3. ഭവന നിർമ്മാണം, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്ക് സേവനമേഖലയിൽ വകയിരുത്തുന്ന തുകയുടെ 10 ശതമാനത്തിന് തുല്യമായ തുക പൊതുവിഭാഗം പദ്ധതിവിഹിതത്തിന്റെ ഉല്പാദന മേഖലയിൽനിന്ന് വകമാറ്റുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.
4. വനിതാവികസനത്തിന് പൊതുവിഭാഗം പദ്ധതി ഗ്രാന്റിന്റെ 10 ശതമാനം വക മാറ്റേണ്ടതാണെന്നും അതിനായി പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
5. ഒരു ദീർഘകാല പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ നീർത്തട വികസന പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ജില്ലാ ബ്ലോക്കുതല വിദഗ്ദ്ധ സമിതികളിൽ പ്രത്യേക വിഷയ സമിതികളും എല്ലാ ബ്ലോക്കുപഞ്ചായത്തുകളിലും നീർത്തട വികസന സമിതികളും രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്.
6. കുടിവെള്ള പ്രശ്നപരിഹാരത്തിന് തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ശില്പശാലകൾ നടത്തിയിട്ടുണ്ട്.

(സി) 1. പ്രോജക്ടുകൾ തയ്യാറാക്കുന്ന കർമ്മസമിതി അംഗങ്ങൾക്ക് വികസന മേഘലാടിസ്ഥാനത്തിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലെ കുറവുകളും ന്യൂനതകളും കണ്ടെത്തി ജില്ലാതലത്തിൽ പരിഹരിക്കുന്നതിന് ജില്ലാ പദ്ധതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു.

(ഡി) ഔദ്യോഗികമായി അഭിപ്രായം അറിയിച്ചിട്ടില്ല. എന്നാൽ കമ്മീഷനുമായി നടത്തിയ ചർച്ചകളിൽ സംസ്ഥാന ഗവൺമെന്റിന്റെ ഈ സംരംഭത്തെ അഭിനന്ദിക്കുകയുണ്ടായി.

(ഇ) സംസ്ഥാനത്തിനു പുറത്തുനിന്നും വിദേശിയർ ഉൾപ്പെടെ 30-ൽപരം സംഘങ്ങൾ ജനകീയാസൂത്രണം പഠിക്കുന്നതിനും വിലയിരുത്തുന്നതിനും കേരളം സന്ദർശിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

(എഫ്) ജനകീയാസൂത്രണം യഥാസമയം പൂർത്തിയാക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ.

1. നാലാം വാർഷിക പദ്ധതി സാമ്പത്തിക വർഷത്തിന്റെ ആരംഭത്തോടെ ആസൂത്രണം ചെയ്ത് നിർവഹണം ആരംഭിക്കുക.
2. കർമ്മസമിതി അംഗങ്ങൾക്കുള്ള പരിശീലനം യൂണിവേഴ്സിറ്റികളിലൂടെയും പരിശീലന സ്ഥാപനങ്ങളിലൂടെയും നടത്തുക.
3. മാതൃകാപരമായ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള തദ്ദേശസ്ഥാപനങ്ങളുടെ അനുഭവങ്ങൾ മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് മനസ്സിലാക്കുവാൻ പങ്കാളിത്തപഠന പരമ്പര എന്ന പരിപാടി നടപ്പാക്കുക.
4. തെരഞ്ഞെടുത്ത പ്രോജക്ടുകളുടെ അവലോകനം ഗവേഷണ സ്ഥാപനങ്ങളുടെയും ഗവേഷകരുടെയും നേതൃത്വത്തിൽ നടത്തുക.
5. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം യഥാസമയം മോണിട്ടർ ചെയ്യുന്നതിനും അവലോകനം നടത്തുന്നതിനും കംപ്യൂട്ടർ മുഖേന വിവര വിനിമയ ശൃംഖല സ്ഥാപിക്കുന്നതിന് "ഇൻഫർമേഷൻ കേരള മിഷൻ" പ്രവർത്തനം ആരംഭിച്ചു.
6. പരിശീലന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ സ്വിസ്-ഗവൺമെന്റിന്റെ സഹകരണത്തോടെ "ക്യാപ്ഡെക്" പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിച്ചു.

മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം

28(*27) ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[21-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27(*26) ദയവായി കാണുക]

ജനകീയാസൂത്രണ പ്രസ്ഥാനം പഠിക്കുവാനും മനസ്സിലാക്കുവാനും കേരളം സന്ദർശിച്ചിട്ടുള്ള സംഘങ്ങൾ

(എ) സംസ്ഥാനത്തിനു പുറത്തു നിന്ന്

1. തമിഴ്നാട് സർക്കാരിന്റെ പ്രതിനിധികൾ
2. ഹൈദരാബാദ് ദേശീയ ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥർ
3. ഹരിയാനയിലെ ഗവൺമെന്റ് സെക്രട്ടറി
4. ആന്ധ്രാപ്രദേശിലെ ഒരു മന്ത്രിയും സംഘവും
5. ആന്ധ്രാപ്രദേശിലെ ഗവൺമെന്റ് സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻ
6. പശ്ചിമ ബംഗാളിലെ മന്ത്രിയും സംഘവും
7. മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രിയും സംഘവും
8. ഡോ: പ്രഭാത് പട്നായിക്, സംസ്ഥാന ധനകാര്യ കമ്മീഷൻ. അദ്ധ്യക്ഷൻ
9. മഹാരാഷ്ട്രയിലെ ഡോ: എൻ.എച്ച്. അനില
10. പശ്ചിമ ബംഗാളിലെ ഡോ: ഗൗരീപാദ ദത്ത് എം.എൽഎ.യും സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും
11. പശ്ചിമ ബംഗാളിലെ പഞ്ചായത്ത് വകുപ്പ് സെക്രട്ടറിയും ഡയറക്ടറും
12. കേന്ദ്ര ആസൂത്രണ കമ്മീഷനിലെ മുൻ അംഗം ഡോ: അരുൺഗോഷും സംഘവും
13. രാജസ്ഥാൻ ആസൂത്രണ വകുപ്പ് സെക്രട്ടറിയും സംഘവും
14. ത്രിപുര സംസ്ഥാനത്തെ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആസൂത്രണ ബോർഡ് അംഗം എന്നിവരുൾപ്പെട്ട സംഘം
15. ന്യൂഡൽഹി സപ്ലൈഡ് മാൻ പൗവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രതിനിധികൾ
16. ശ്രീ. അന്ന ഹസാരി
17. മുസ്സോറിയിൽ നിന്നുള്ള സംഘം

(ബി) വിദേശത്തു നിന്ന്

1. മാൻചെസ്റ്റർ യൂണിവേഴ്സിറ്റി പഠനസംഘം
2. സ്വിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ പ്രതിനിധികൾ
3. തെക്കേ ആഫ്രിക്കൻ പഠനസംഘം
4. സ്വീഡനിലെ ദലിയും സംഘവും

LIBRARY ARCHIVES Kerala Legislative Assembly

5. അമേരിക്കയിലെ മോർഡിക്ക്ളേയർ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രൊഫ. റിച്ചാർഡ് ഡബ്ല്യൂ ഫ്രാങ്കും സംഘവും
6. ഇംഗ്ലണ്ടിലെ ലോംഗ്സ്ഡൊ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പഠനസംഘം
7. ഫ്രാൻസിൽ നിന്നുള്ള ടെലിവിഷൻ ഗ്രൂപ്പ്
8. വിയറ്റ്നാമിൽ നിന്നുള്ള പഠനസംഘം
9. സ്പെയിനിൽ നിന്ന് പഠനസംഘം
10. വിയറ്റ്നാം ഗവൺമെന്റിന്റെ ഉദ്യോഗസ്ഥ സംഘം
11. ശ്രീലങ്കൻ പഠനസംഘം
12. ഫാർവാർഡ് യൂണിവേഴ്സിറ്റി പഠനസംഘം
13. ലോകബാങ്ക് പ്രതിനിധികൾ

അനുബന്ധം V

[21-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30(*29) ദയവായി കാണുക]

1. വിദേശ ടൂറിസം വിപണിയിൽ കേരള സാന്നിദ്ധ്യം പ്രകടമാക്കുന്നതിന് വേണ്ടിയും വിദേശടൂറിസ്റ്റുകൾക്കും, ടൂർ ഓപ്പറേറ്റർമാർക്കും വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയും ടൂറിസം വകുപ്പ് പ്രശസ്തമായ അന്താരാഷ്ട്ര മേളകളിൽ പങ്കെടുത്തുവരുന്നു. ഇലക്ട്രാണിക് സാങ്കേതികവിദ്യ പൂർണ്ണമായി ഉപയോഗപ്പെടുത്തി വിശദമായ ഇന്റർനെറ്റ് വെബ്സൈറ്റ് രൂപീകരിക്കുകയും. ഇന്റർനെറ്റിലൂടെ കേരളത്തെ കുറിച്ചുള്ള വിശദവിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

2. സന്ദർശകർക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിനായി കേരളത്തിന് അകത്തും സംസ്ഥാനത്തിന് പുറത്തും ചില പ്രധാന കേന്ദ്രങ്ങളിലും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

3. 'ഓഫ് സീസൺ' പ്രയോജനപ്പെടുത്തി വിവിധ ഓഫ് സീസൺ പാക്കേജുകളും മൺസൂൺ ആയുർവേദിക് റിജുവിനേഷൻ പാക്കേജുകളും വികസിപ്പിച്ചു വരുന്നു.

4. കായൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പാ, കുട്ടനാട് ഭാഗത്ത് ബോട്ട് ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി തയ്യാറായിട്ടുണ്ട്. അഷ്ടമുടിക്കായലിന്റെ സമഗ്രടൂറിസം വികസനം കായലോരങ്ങളിൽ സൈനേജ് സിസ്റ്റം സ്ഥാപിക്കാനും ഹൗസ്ബോട്ടുകൾ വ്യാപകമാക്കാനും നടപടി പൂർത്തിയായിവരുന്നു.

5. കേരളത്തിലെ ബീച്ചുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കോവളം, വർക്കല, കാപ്പാട്, ശംഖുമുഖം, കണ്ണൂരിലെ പയ്യാംപലം മുഴപ്പിലങ്ങാടി എന്നിവിടങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly